(3) 'അഭിനയ' ഉള്ളൂർ - 29,000 രൂപ

ഡോക്ടർ ജനാർദ്ധനൻ, കൈപ്പട്ടൂർ രാധാകൃഷ്ണൻ എന്നിവരും കേരള കലാമണ്ഡലം, കലാമണ്ഡലം, മേജർ സെറ്റ് കഥകളി എന്നീ ഗ്രൂപ്പുകളും പ്രതിഫലം സ്വീകരിക്കാതെയാണ് പരിപാടികൾ അവതരിപ്പിച്ചത്.

(ഇ) ഓരോ ഇനത്തിലും ഉണ്ടായിട്ടുള്ള ചെലവ് ചുവടെ നൽകുന്നു.

(1) പ്രതിഫലം - 54,000 രൂപ

(2) യാത്ര ചെലവ് (46 പേർക്ക്) - 19,500 രൂപ

(3) ഭക്ഷണം - 7,100 രൂപ

കലാപരിപാടികൾക്കായി ഹാൾ വാടക പ്രത്യേകം നൽകിയിട്ടില്ല. സമ്മേളനങ്ങൾ നടത്തിയ വേദികളിൽ തന്നെയാണ് കലാപരിപാടികളും സംഘടിപ്പിച്ചത്.

വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ

37 (692)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നാല് വാർഷിക ആഘോഷങ്ങളുമായി ബന്ധപ്പെട്ട് പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്;

(ബി) ഓരോ വർഷത്തേയും കണക്ക് വെളിപ്പെടുത്തുമോ;

(സി) ഓരോ വർഷവും ഇതിനായി എന്തുതുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ഡി) വാർഷികാഘോഷവുമായി ബന്ധപ്പെട്ട് പത്രങ്ങൾക്ക് നൽകിയ പരസ്യക്കൂലിയിനത്തിൽ ഓരോ വർഷവും നൽകിയ തുകയെത്ര?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് പബ്ലിക് റിലേഷൻസ് വകുപ്പ് 99 (തൊണ്ണൂറ്റി ഒൻപത്) പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

(ബി)

വർഷം		നമ്പർ
1997	-	24
1998	-	27
1999	-	17
2000	-	31
	-	99

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ ഗവൺമെന്റ് പ്രസ്സുകളിലാണ് അച്ചടിക്കാറുള്ളത്. ചില അത്യാവശ്യ ഘട്ട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ അർദ്ധ സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലും അച്ചടിക്കാറുണ്ട്. ഇത് സംബന്ധിച്ച ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഇതേവരെ ലഭിച്ച കണക്കുകൾ അനുസരിച്ച് വാർഷികാഘോഷവുമായി ബന്ധപ്പെട്ട് പത്രങ്ങൾക്ക് ഓരോ വർഷവും പരസ്യക്കൂലി നൽകിയ വിവരം താഴെ കൊടുക്കുന്നു.

		രൂപ
1-ാം വാർഷികം	-	8,53,134
2-ാം വാർഷികം	-	8,53,134
3-ാം വാർഷികം	-	8,53,134
4-ാം വാർഷികം	-	11,73,040
ആകെ	-	37,32,442 രൂപ

കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ സൈനികരുടെ ആശ്രിതർക്ക് ഉദ്യോഗം

38 (694) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ എത്ര സൈനികരുടെ ആശ്രിതർക്ക് സർക്കാർ സർവ്വീസിൽ ഉദ്യോഗം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യുദ്ധത്തിൽ മരിച്ച സൈനികരുടെ ആശ്രിതർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) കാർഗിൽ യുദ്ധത്തിന് ശേഷം ഭീകര പ്രവർത്തകരുടെ ആക്രമണത്തിന് വിധേയമായി മരണമടഞ്ഞവരുടെ ആശ്രിതർക്കും കാർഗിൽ യുദ്ധത്തിൽ ചരമമടഞ്ഞവരുടെ ആശ്രിതർക്ക് നൽകിയ അതേ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് നൽകി; ഇല്ലെങ്കിൽ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഗിൽ യുദ്ധത്തിൽ ചരമമടഞ്ഞ 6 സൈനികരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ഉദ്യോഗം നൽകിയിട്ടുണ്ട്.

(ബി) കാർഗിൽ-ദ്രാസ് മേഖലകളുൾപ്പെട്ട ജമ്മു-കാശ്മീരിൽ നടന്ന സൈനിക പോരാട്ടങ്ങളിൽ മരിച്ച സൈനികരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽനിന്ന് ധനസഹായമായി പരമാവധി 5 ലക്ഷം രൂപയും ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ ഉദ്യോഗവും അർഹമായ കേസ്സുകളിൽ വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലവും സാമ്പത്തിക സഹായവും നൽകിവരുന്നു.

(സി) കാർഗിൽ യുദ്ധത്തിനുശേഷം ഭീകര പ്രവർത്തകരുടെ ആക്രമണത്തിന് വിധേയമായി ജമ്മു-കാശ്മീരിൽ വച്ച് ചരമമടഞ്ഞ കേരളീയരായ ജവാന്മാരുടെ ആശ്രിതർക്ക് ഓരോ കേസ്സിന്റെയും സ്വഭാവമനുസരിച്ച് 5 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly